**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 556** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് നോർത്ത് പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ പുതിയങ്ങാടി–കൃഷ്ണൻ നായർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി കോടതി കാര്യങ്ങൾ മൂലം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടില്ല. എന്നാൽ കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാരുമായി ബന്ധപ്പെട്ടപ്പോൾ ടിയാന്റെ കോഴിക്കോട് താലൂക്കിൽ വേങ്ങേരി വില്ലേജ് റീസർവ്വേ നം 89/26 ൽപ്പെട്ട 5.923 ആർ ഭൂമി പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ കേസ് അവസാനിപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട് എന്നും ഇതിനായി സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹു. കോഴിക്കോട് നോർത്ത് എം.എൽ.എ കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. ബഹു. എം.എൽ.എയുടെ കത്ത് പരിശോധിച്ച് ഇത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തിരമായി കിഫ്ബിക്ക് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോടും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB-യോടും അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ വീട് റോഡ് നിരപ്പിൽ നിന്നും ഏറെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ റോഡിനായി ഭാഗികമായി സ്ഥലമേറ്റെടുക്കുന്നത് വീടിന്റെ നിലനിൽപ്പിനെയും സുരക്ഷയെയും പ്രതികൂലമായി ബാധിക്കുമെന്ന് കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം കിഫ്ബി സി.ഇ.ഒയുടെ അധ്യക്ഷതയിൽ 06-01-2026 ന് നടന്ന അവലോകന യോഗത്തിൽ ചർച്ച ചെയ്തിരുന്നു.

ബഹു. എം.എൽ.എ.യുടെ പ്രൊപ്പോസൽ, കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ സമഗ്രമായി പരിഗണിച്ചുകൊണ്ട് 06-01-2026 ന് നടന്ന അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻ നായർ റോഡിന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ ഭൂമി 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം പൂർണ്ണമായും ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB-യും ചേർന്ന് സ്വീകരിക്കണമെന്ന് 29-01-2026 ലെ കത്ത് പ്രകാരം ജില്ലാ കളക്ടറെയും പദ്ധതി നിർവ്വഹണ ഏജൻസിയെയും കിഫ്ബിയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**(ബി)** കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്;

**മറുപടി:** ഉണ്ട്. കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടില്ല. എന്നാൽ കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാരുമായി ബന്ധപ്പെട്ടപ്പോൾ ടിയാന്റെ കോഴിക്കോട് താലൂക്കിൽ വേങ്ങേരി വില്ലേജ് റീസർവ്വേ നം 89/26 ൽപ്പെട്ട 5.923 ആർ ഭൂമി പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ കേസ് അവസാനിപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട് എന്നും ഇതിനായി സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹു. കോഴിക്കോട് നോർത്ത് എം.എൽ.എ കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. ബഹു. എം.എൽ.എയുടെ കത്ത് പരിശോധിച്ച് ഇത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തിരമായി കിഫ്ബിക്ക് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോടും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB-യോടും അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ വീട് റോഡ് നിരപ്പിൽ നിന്നും ഏറെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ റോഡിനായി ഭാഗികമായി സ്ഥലമേറ്റെടുക്കുന്നത് വീടിന്റെ നിലനിൽപ്പിനെയും സുരക്ഷയെയും പ്രതികൂലമായി ബാധിക്കുമെന്ന് കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം കിഫ്ബി സി.ഇ.ഒയുടെ അധ്യക്ഷതയിൽ 06-01-2026 ന് നടന്ന അവലോകന യോഗത്തിൽ ചർച്ച ചെയ്തിരുന്നു.

ബഹു. എം.എൽ.എ.യുടെ പ്രൊപ്പോസൽ, കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ സമഗ്രമായി പരിഗണിച്ചുകൊണ്ട് 06-01-2026 ന് നടന്ന അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻ നായർ റോഡിന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ ഭൂമി 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം പൂർണ്ണമായും ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB-യും ചേർന്ന് സ്വീകരിക്കണമെന്ന് 29-01-2026 ലെ കത്ത് പ്രകാരം ജില്ലാ കളക്ടറെയും പദ്ധതി നിർവ്വഹണ ഏജൻസിയെയും കിഫ്ബിയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസ് അടിയന്തരമായി തീർപ്പുകൽപ്പിച്ച് പ്രവൃത്തി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** പ്രസ്തുത ഭൂമി സംബന്ധിച്ച കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**